നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 4 വ്യാഴം

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 1979 ഒക്ടോബർ 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മണ്ണെണ്ണയുടെയും ഡീസലിന്റെയും ചെലവ്

*140 [150] ഡോക്ടർ ജോർജ് മാത്യു:

ശ്രീ. എം. വി. മാണി:

,, ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവ്യം സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മണ്ണെണ്ണയുടെയും ഡീസലിന്റെയും ചെലവ് 1978-79-ൽ ഉണ്ടായതിനെക്കാൾ കൂടിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മണ്ണെണ്ണയുടെയും ഡീസലിന്റെയും ചെലവ് കുറയാൻ കാരണമെന്ത്;

(സി) ഞായറാഴ്ച പെട്രോൾ ബങ്കുകൾക്ക് നിർബന്ധിത അവധി പ്രഖ്യാപിച്ചതുകാരണം ഡീസലിന്റെ ചെലവ് കുറഞ്ഞു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽസ്പ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ഡീസലിന്റെ ചെലവു കൂടുകയും മണ്ണെണ്ണയുടെ ചെലവു കുറയുകയും ചെയ്തിട്ടുള്ളതായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ മാസങ്ങളിൽ കേരളത്തിന്റെ വിഹിതം കുറഞ്ഞതു കൊണ്ടും മണ്ണെണ്ണ വിതരണത്തിൽ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതുമൂലം അതിന്റെ ദുരുപയോഗം കുറഞ്ഞതുകൊണ്ടും മണ്ണെണ്ണയുടെ ചെലവു കുറയുകയുണ്ടായി.

(സി) ആ നടപടികൊണ്ട് ഡീസലിന്റെ ചെലവു കുറെ കുറഞ്ഞിട്ടുണ്ടെന്നാണ് കാണുന്നത്.

ഡോക്ടർ ജോർജ് മാത്യു: കേരളത്തിൽ ഡീസലിലും പെട്രോളിലും വ്യാപകമായി മണ്ണെണ്ണയും മറ്റു മായങ്ങളും ചേർക്കുന്നതായി ഉള്ള പരാതികൾ പല സ്ഥലത്തുമുണ്ട്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം മന്ത്രി പല പ്രസ്താവനകളും നടത്തിയിട്ടുണ്ട്. ചെലവു കുറഞ്ഞിട്ടുണ്ടെന്നും പറഞ്ഞു. ആ നിലക്ക് എന്തെങ്കിലും കേസുകൾ എടുത്തിട്ടുണ്ടോ? ഏതെങ്കിലും പെട്രോൾ ബങ്ക് കാരുടെമേൽ കഴിഞ്ഞ അഞ്ചാറുമാസത്തിനിടക്ക് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് എന്താണെന്നു വിശദീകരിക്കാമോ?

ശ്രീ. ടി. എസ്. ജോൺ: വ്യാപകമായ പരാതി ഉണ്ടായപ്പോൾ അതേപ്പറ്റി ചെക്ക് ചെയ്യുകയും പല കേസുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. വി. മാണി: ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ മണ്ണെണ്ണയുടെ ചെലവു കുറയുകയും ഡീസലിന്റെ ചെലവു കൂടുകയും ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. അതു കഴിഞ്ഞമാസംവരെ എത്ര കുറഞ്ഞു എന്നുള്ള കണക്കുണ്ടോ? പെട്രോളിലും ഡീസലിലും വ്യാപകമായി മായം ചേർക്കുന്ന പരാതിയുണ്ടായിട്ടുണ്ടെന്നും അതിനെതിരായി കേസെടുത്തിട്ടുണ്ടെന്നും പറഞ്ഞു. അങ്ങനെ എത്ര കേസ് എടുത്തിട്ടുണ്ടെന്നും അതിന്റെ നടപടികൾ എത്രത്തോളമായി എന്നും വ്യക്തമാക്കാമോ?

ശ്രീ. ടി. എസ്. ജോൺ: മൊത്തം 33 കേസുകൾ എടുത്തിട്ടുണ്ട്. ആ കേസുകൾ കോടതിയിൽ നടന്നുവരികയാണ്.

ഡോക്ടർ ജോർജ് മാത്യു: വ്യക്തമായ ഒരു നിയമമില്ലാതെ കെറോസിൻ ആക്ടുവച്ചുകൊണ്ടാണ് ഈ കേസെല്ലാം എടുത്തിട്ടുള്ളത്. ഈ ആക്ടുപ്രകാരം കേസെടുക്കുന്നതുകൊണ്ട് പെട്രോളിൽ മായം ചേർക്കുന്നത് പല പ്പോഴും ശിക്ഷിക്കപ്പെടാതെ പോകുകയും കുറ്റക്കാർ അതിൽനിന്നു രക്ഷപ്പെടുകയും ചെയ്യുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ ഈ ആക്ട് ഭേദഗതി ചെയ്യുന്നതിനും പുതിയ ഒരു നിയമം ഉണ്ടാക്കുന്നതിനും ശ്രദ്ധിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: നിലവിലുള്ള നിയമമനുസരിച്ചാണ് കേസുകൾ എടുത്തിട്ടുള്ളത്. പുതിയ നിയമം ഉണ്ടാക്കുന്നതിനെപ്പറ്റി കേന്ദ്രഗവൺമെന്റ് ആലോചിക്കേണ്ടതാണ്.

ശ്രീ. ടി. എം. ജേക്കബ്: ഞായറാഴ്ച പെട്രോൾ ബങ്കുകൾക്ക് അവധി പ്രഖ്യാപിച്ചതുകൊണ്ടുള്ള ബുദ്ധിമുട്ടു മനസ്സിലാക്കി ഞായറാഴ്ച പ്രവർത്തിദിവസമാക്കിയിട്ടും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുന്ന പെട്രോൾബങ്കുകൾക്ക് അവധി ദിവസമാണ്. അതു മാറ്റി അവിടെയും ഞായറാഴ്ച പ്രവർത്തി ദിവസമാക്കുന്നതിനു വേണ്ട നിർദ്ദേശം ഗവൺമെന്റിൽനിന്നു നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. സി. എ. കുര്യൻ: വൈദ്യുതീകരിക്കാത്ത വീടുകൾക്ക് ഒരു കാർഡിന് നാലു ലിറ്റർ മണ്ണെണ്ണ കൊടുക്കുമെന്നു പ്രഖ്യാപനം ഉണ്ടായതിനുശേഷം ഇടുക്കി ജില്ലയിലെ പല ഭാഗങ്ങളിലും ഒരു ലിറ്റർ മണ്ണെണ്ണ പോലും കൊടുത്തിട്ടില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: നാലു ലിറ്റർ മണ്ണെണ്ണ നോൺ ഇലക്ട്രിഫൈഡ് വീടുകൾക്ക് കൊടുക്കുന്നുണ്ട്. ടാങ്കർ ലോറികൾ കിട്ടാനുള്ള ബുദ്ധിമുട്ടുകൊണ്ട് ഇടുക്കി ജില്ലയിലെ ചില സ്ഥലങ്ങളിൽ മണ്ണെണ്ണ എത്തിക്കാൻ കഴിയാതെ പോയിട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. ഇപ്പോൾ എല്ലാ പ്രദേശത്തും മണ്ണെണ്ണ ആവശ്യത്തിന് കൊടുക്കുന്നുണ്ട്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: പെട്രോളിൽ മായം ചേർക്കുന്നതിനെതിരായി എന്തു നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്? ഇന്നും പെട്രോൾ വണ്ടികൾ രാത്രികാലങ്ങളിൽ റോഡിൽ നിറുത്തിക്കൊണ്ട് പെട്രോൾ ചോർത്തിയെടുത്തിട്ട് പകരം മണ്ണെണ്ണ ചേർക്കുന്ന നടപടി പല സ്ഥലങ്ങളിലും കാണാൻ കഴിയുന്ന കാഴ്ചയാണ്. ഇത് ഫലപ്രദമായി തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: നിലവിലുള്ള നിയമമനുസരിച്ച് കഴിയുന്നിടത്തോളം നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. സി. ജോസഫ്: തൃപ്പൂണിത്തുറയിൽ ചൂരക്കാട് എന്നു പറയുന്ന സ്ഥലത്ത് ഒരു ഊറ്റുകേന്ദ്രത്തിൽ തീപിടിച്ചതായി പത്രത്തിൽ കാണുകയുണ്ടായി. ഇതുപോലെ ലോറികൾ കയറി പെട്രോൾ ഊറ്റിയെടുത്തിട്ട് മായം ചേർക്കുന്ന നടപടി തൃപ്പൂണിത്തുറയിലെ പല ഭാഗങ്ങളിലും ഇപ്പോഴും നടക്കുന്നതായി പരാതിയുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? മാത്രമല്ല റോഡിന്റെ സൈഡിൽ വണ്ടി നിറുത്തിയിട്ട് ഇങ്ങനെ പെട്രോൾ ഊറ്റിയെടുക്കുന്നതായി സാർവത്രികമായ പരാതിയുണ്ട്. ഇതു കർശനമായി ഒഴിവാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾക്കെല്ലാം കർശനമായ നടപടികൾ നടത്തുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. കരുണാകരൻ: റേഷൻ കടകളിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ കഴിയാത്ത സമയത്ത് കരിഞ്ചന്തയിൽ ലിറ്ററിന് നാലും അഞ്ചും രൂപക്ക് മണ്ണെണ്ണ കിട്ടിയതായ സംഭവമുണ്ട്. മണ്ണെണ്ണ ഇല്ലാത്തതുകൊണ്ടല്ല. ഇങ്ങനെ കരിഞ്ചന്തയിൽ മണ്ണെണ്ണ വിറ്റവർക്കെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: കരിഞ്ചന്തയിൽ മണ്ണെണ്ണ വിൽക്കുന്നത് തടഞ്ഞിട്ടുണ്ട്. എവിടെയെങ്കിലും വിൽക്കുന്നതായി ശ്രദ്ധയിൽ കൊണ്ടുവന്നാൽ തീർച്ചയായും അടിയന്തിര നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ചാക്കോ: പെട്രോളിൽ മണ്ണെണ്ണ ചേർത്തു വിൽക്കുന്ന നടപടി കർശനമായി നിയന്ത്രിച്ചതുമൂലം മണ്ണെണ്ണ വിൽപ്പനയിൽ കുറവു വന്നിട്ടുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേപ്പറ്റി എന്താണ് അഭിപ്രായം?

ശ്രീ. ടി. എസ്. ജോൺ: അൽപ്പം കുറവുവന്നിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: മായം ചേർക്കുന്നതിനെ മുൻനിറുത്തി പത്തു മുപ്പതു കേസുകളാണ് എടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഇങ്ങനെ എടുത്തിട്ടുള്ള കേസുകളിൽ ഏതെങ്കിലും ഇതിനകം തീരുമാനമുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേസംബന്ധിച്ചു കൊടുത്ത ശിക്ഷാനടപടികളാണ് എന്തെല്ലാമാണ്? ഇങ്ങനെയുള്ള കേസുകളിൽ അകപ്പെട്ടവരുടെ പെർമിറ്റ് ക്യാൻസൽ ചെയ്യുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: തീരുമാനമുണ്ടായിട്ടില്ലെന്നാണ് അറിയുന്നത്, പെർമിറ്റ് ക്യാൻസൽ ചെയ്യേണ്ടതു് ഓയിൽ കമ്പനികളാണ്. കേസുകളിൽ തീരുമാനമായതിനുശേഷം പെർമിറ്റ് ക്യാൻസൽ ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: വൈദ്യുതീകരിക്കാത്ത ഗ്രാമപ്രദേശങ്ങളിൽ ആവശ്യത്തിന് മണ്ണെണ്ണ ഇടുക്കി ജില്ലയിൽ മാത്രമല്ല കിട്ടാതിരുന്നത്. കേരളത്തിലെ പല ഗ്രാമപ്രദേശങ്ങളിലും പ്രത്യേകിച്ച് വയനാട് പ്രദേശത്തും മണ്ണെണ്ണ കിട്ടിയിരുന്നില്ല. മന്ത്രി കിട്ടുന്നുണ്ടെന്നു പറയുന്നുണ്ടെങ്കിലും കിട്ടുന്നില്ലെന്നുള്ളതാണ് സത്യം. ഈ കാര്യത്തെക്കുറിച്ച് പരിശോധിച്ച് റേഷൻകടകളിൽകൂടി ആവശ്യത്തിനുള്ള മണ്ണെണ്ണ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഇടുക്കിയിലും വയനാട്ടിന്റെ പല ഭാഗങ്ങളിലും ഓയിൽ കമ്പനികൾക്ക് ടാങ്കർ ലോറികൾ കിട്ടാനുള്ള ബുദ്ധിമുട്ടുകൊണ്ട് കഴിഞ്ഞ മാസത്തിൽ മണ്ണെണ്ണ എത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് കമ്പനി അറിയിച്ചിട്ടുള്ളത്. പക്ഷേ അതു പരിഹരിച്ച് ഇപ്പോൾ എല്ലാ ഗ്രാമപ്രദേശങ്ങളിലും കൊടുക്കാൻവേണ്ട ഏർപ്പാട് ഉണ്ടായിട്ടുണ്ട്. ഇപ്പോൾ മണ്ണെണ്ണക്ക് യാതൊരു ക്ഷാമവുമില്ല.

ശ്രീ. പാണറാത്ത് കുഞ്ഞിമുഹമ്മദ്: മണ്ണെണ്ണയുടെ ദുർലഭ്യം കണക്കിലെടുത്ത് രാത്രികാലങ്ങളിൽ മതപഠനം നടത്തുന്ന പള്ളികൾക്കും മദ്രസകൾക്കും കാർഡടിസ്ഥാനത്തിൽ മണ്ണെണ്ണ കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: അതിനു സ്പെഷ്യൽ പെർമിറ്റ് കൊടുക്കുന്നതാണ്.

ശ്രീ. കെ. സി. വാമദേവൻ: പെട്രോളിലും ഡീസലിലും മായം ചേർക്കുന്നത് കണ്ടുപിടിക്കാൻ ഇന്നു എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ? വിജിലൻസ് സ്ക്വാഡ് മാത്രമാണോ ഇതു കണ്ടുപിടിക്കുന്നത്? ഇതു കണ്ടുപിടിക്കുന്നതിന് സാങ്കേതികമായ വല്ല ഉപകരണവും ഉണ്ടോ? ഇപ്പോഴുള്ള സംവിധാനം പര്യാപ്തമാണെന്നു കരുതുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: ഫിൽട്ടർ പേപ്പർ ഉപയോഗിച്ച് ടെസ്റ്റ് നടത്തിയാണ് കണ്ടുപിടിക്കുന്നത്. ആ നടപടി നടത്തുന്നതിന് സ്പെഷ്യൽ ഡി. ഐ. ജി.-യുടെ നേതൃത്വത്തിൽ ഒരു വിംഗ് വർക്ക് ചെയ്യുന്നുണ്ട്. അവർ വേണ്ട നടപടികളും സ്വീകരിക്കുന്നുണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: മണ്ണെണ്ണ റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യുന്നതിന് പ്രത്യേകമായ വില നിശ്ചയിച്ചു കൊടുത്തിട്ടില്ല എന്നുള്ളതുകൊണ്ട് റേഷൻ വ്യാപാരികളും ഇഷ്ടംപോലെ വില ഉപഭോക്താക്കളിൽനിന്നു ഈടാക്കുന്ന സമ്പ്രദായമുണ്ട്. ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും വ്യക്തമായ നിർദ്ദേശം റേഷൻ കടക്കാർക്ക് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: കൃത്യമായ വില നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. റേഷൻ കടക്കാർക്ക് അതിൽ കൂടുതൽ വില മണ്ണെണ്ണക്ക് ഈടാക്കാൻ സാദ്ധ്യമല്ല. അങ്ങനെ ഈടാക്കിയതായി പരാതി വന്നാൽ റേഷൻ കടകളുടെ ലൈസൻസ് ക്യാൻസൽ ചെയ്യും.

ശ്രീ. ആര്യാടൻ മുഹമ്മദ്: പല റേഷൻ ഷാപ്പുകളിലും വ്യാഴാഴ്ച വൈകുന്നേരം മാത്രം മണ്ണെണ്ണ വരികയും വെള്ളിയാഴ്ച ഹോളിഡേ ആവുകയും ശനിയാഴ്ചമാത്രം ഏതാനും സമയം വിൽപ്പന നടത്തുകയും ചെയ്യുന്നതുകൊണ്ട് മുഴുവൻ കാർഡുകാർക്കും മണ്ണെണ്ണ വാങ്ങാൻ കഴിയാതെ വരുന്നതിന്റെ ഫലമായി ആ ആഴ്ചയിലെ മണ്ണെണ്ണ നഷ്ടപ്പെടുന്ന സ്ഥിതിയാണ് പല സ്ഥലത്തും ഉള്ളത്; പ്രത്യേകിച്ചും മലപ്പുറം ജില്ലയിൽ. അതുകൊണ്ട് അത്തരം ആഴ്ചയിലെ മണ്ണെണ്ണ തുടർന്നുള്ള ദിവസങ്ങളിലും വാങ്ങാനുള്ള അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: പരിഗണിക്കാം.

ശ്രീ. കൊറമ്പയിൽ അഹമ്മദുഹാജി: ഒരു നിശ്ചിത നാഴിക ദിവസം തോറും ഓടണമെന്ന് നിബന്ധനയുള്ള ബസ്സുടമസ്ഥൻമാർക്ക് അതിനാവശ്യമായ ഡീസൽ വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്യുമോ?

ശ്രീ. ടി. എസ്. ജോൺ: ഡീസൽ വിതരണം ഓയിൽ കമ്പനികളാണ് ചെയ്യുന്നത്. അവർ കഴിയുന്നിടത്തോളം അതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

ശ്രീ. എസ്. ത്യാഗരാജൻ: പെട്രോളും പമ്പുകളും ഞായറാഴ്ച ദിവസങ്ങളിലും രാത്രി പത്തുമണിക്കുശേഷവും പ്രവൃത്തിക്കരുതെന്ന് തീരുമാനിച്ചത് ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അങ്ങനെ തീരുമാനിച്ചതിന്റെ ഫലമായി വ്യാപകമായി കരിഞ്ചന്തയ്ക്കുള്ള അവസരം നൽകുക മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നും അതുപോലെ ഫെയർ വർദ്ധിക്കാൻ ഇടയായിട്ടുണ്ടെന്നുമുള്ള വസ്തുത പരിഗണിച്ച് പെട്രോളും പമ്പുകളും ഞായറാഴ്ച ദിവസങ്ങളിലും രാത്രി 10 മണിക്കുശേഷവും പ്രവൃത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ളത് പാലിച്ചിട്ടില്ല എന്നുള്ള വസ്തുതയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: പെട്രോളും ഡീലേഴ്സ് അസോസിയേഷന്റെ നിവേദനത്തിന്റെ ഫലമായി എടുത്ത ഒരു തീരുമാനമായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

അത്: അത് മാറ്റിയിട്ടുണ്ട്. തൽക്കാലത്തേക്ക് അതു മാറ്റി 31–12–1979 വരെ ആ ഓർഡർ ക്യാൻസൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഞായറാഴ്ച ദിവസങ്ങളിലും പെട്രോൾ കിട്ടുന്നതാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: പെട്രോളിന്റെയും ഡീസലിന്റെയും മണ്ണെണ്ണയുടെയും ക്ഷാമത്തിനുള്ള നിവാരണ നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും ഇപ്പോൾ കുറഞ്ഞിട്ടുണ്ടെന്നും പറഞ്ഞു. യഥാർത്ഥത്തിൽ ഈ ക്ഷാമം ഉണ്ടായതിന്റെ കാരണമെന്താണ്? അലോട്ട്മെന്റ് കുറഞ്ഞിട്ടാണോ, ട്രാൻസ്പോർട്ട് ഫെസിലിറ്റീസ് കുറഞ്ഞിട്ടാണോ; മേലിൽ ഇതു ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്.

ശ്രീ. ടി. എസ്. ജോൺ: അങ്ങനെ വലിയ ക്ഷാമമൊന്നും ഉണ്ടായിട്ടില്ല.

സഹകരണ നിയമത്തിൽ ഭേദഗതികൾ

*141 [151] ശ്രീ. റ്റി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ എത്രമാത്രം പുരോഗമിച്ചു എന്നു പറയാമോ;

(ബി) ഭേദഗതി ബിൽ എന്നേക്ക് പാസ്സാക്കാൻ കഴിയും ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) ഭേദഗതികളുടെ നക്കൽ സഹകരണവകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ഇപ്പോൾ ഖണ്ഡിതമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ശങ്കർ: ഇപ്പോൾ പറയാൻ സാധിക്കുകയില്ലെന്ന് പറഞ്ഞു എന്താണ് എപ്പോഴത്തേക്ക് ആകുമെന്ന് പറയാൻ കഴിയുമോ ?

ശ്രീ. ബേബിജോൺ: എപ്പോഴെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. അതു വളരെ വിശദമായി പഠിച്ചുകൊണ്ടിരിക്കുകയാണ്. 1969-ലെ നിയമമാണ്. ചിലപ്പോഴൊക്കെ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. സമഗ്രമായ ഭേദഗതി ആവശ്യമാണെന്ന് നിവേദനം കിട്ടിയിട്ടുണ്ട്. ഗവൺമെന്റിന് അങ്ങനെ അഭിപ്രായമുണ്ട്. അതുകൊണ്ട് വളരെ വിശദമായി പഠിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ശങ്കർ: ഭേദഗതികൾ ആവശ്യമാണെന്നുള്ളതുകൊണ്ട് അതു പരിശോധിക്കുന്നതിന് ഡിപ്പാർട്ടുമെന്റിനെ തന്നെയാണോ ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രത്യേകമായി വല്ല കമ്മിറ്റിയോ പ്രത്യേകമായ ഏർപ്പാടോ വല്ലതും ചെയ്തിട്ടുണ്ടോ ?

ശ്രീ. ബേബിജോൺ: ഡിപ്പാർട്ടുമെന്റിൽ പ്രത്യേകമായി ഒരു സെൽ ഉണ്ട്. ഡിപ്പാർട്ടുമെന്റ് മേധാവികൾ ബന്ധപ്പെട്ട മറ്റാളുകളുമായി, സഹകരണ യൂണിയൻ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുതലായവയിലെ പ്രവർത്തകൻമാർ ഇവരൊക്കെയായിട്ട് ചർച്ച ചെയ്തിട്ടാണ് ഭേദഗതി തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly